LIBRARY ARCHIVES Kerala Legislative Assembly

സർക്കാരിന് 12 കോടി രൂപയും അതിലധികവും ലഭിച്ചു വരുന്നുണ്ട്. 1967 മുതൽ യാതൊരു തട്ടിപ്പുമില്ലാതെ 31 കൊല്ലമായി നടത്തി വരുന്ന കേരള ലോട്ടറിയെ നിരോധിക്കാൻ അനുവദിക്കരുത്. കേന്ദ്ര ഗവണ്മെന്റിന്റെ തലതിരിഞ്ഞ ഈ നയത്തെ എതിർക്കണം, പിൻതിരിപ്പിക്കണം. രണ്ടുലക്ഷം വരുന്ന പാവപ്പെട്ട തൊഴിലാളികളെ രക്ഷിക്കാനും കോടിക്കണക്കിന് രൂപ വികസനത്തിന് ലഭിക്കുന്ന ഈ പദ്ധതിയെ തകർക്കാനുമുള്ള കേന്ദ്രഗവണ്മെന്റിന്റെ നടപടിയിൽ ഗവണ്മെന്റ് അടിയന്തിരപ്രാധാന്യം നൽകി, അതിൽ ഇടപെട്ട് ഈ നടപടിയെ പിൻതിരിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന ഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ലോട്ടറി നിരോധിച്ചുകൊണ്ടുള്ള ഒരു ബിൽ പാർലമെന്റിൽ സമർപ്പിക്കാൻ കേന്ദ്ര സർക്കാർ ആലോചിച്ചുവരുന്നു. കേരളത്തിൽ ഗവണ്മെന്റാണ് ലോട്ടറി നടത്തുന്നത്. ആ ഡിപ്പാർട്ടുമെന്റിൽ തന്നെ 500 ജീവനക്കാരുണ്ട്. 25,000 അംഗീകൃത ലോട്ടറി ഏജന്റുമാരുമുണ്ട്. അവരുടെ കീഴിൽ ആതറൈസ്ഡ് ആയിട്ടുള്ള രണ്ടര ലക്ഷം ജീവനക്കാരുണ്ട്. ഇനിയും കുറെ ആളുകൾ വേറെയുമുണ്ട്. അവരിൽ കുറെയൊക്കെ വികലാംഗരാണ്, വൃദ്ധൻമാരാണ്. മൂന്നാലു ലക്ഷം ആളുകൾ സെൽഫ് എംപ്ളോയ്മെന്റിൽ പോയവരാണ്. എല്ലാം കൊണ്ടും ഗവണ്മെന്റിന് പൈസ കൂടും. അതുകൊണ്ടാണ് ഗവണ്മെന്റ് എഴുതിയത് 1998-ലെ ലോട്ടറി നിയന്ത്രണ നിയമത്തിൽ ഭേദഗതി ആവശ്യമാണെന്ന്. കാരണം സിങ്കിൾ നമ്പർ ലോട്ടറിയും പ്രൈവറ്റ് ലോട്ടറിയുമൊക്കെ നിരോധിക്കട്ടെ. സർക്കാർ നേരിട്ട് നടത്തുന്ന ലോട്ടറി നിരോധിക്കരുതെന്ന് പറഞ്ഞ് ആഭ്യന്തരമന്ത്രിക്കും പ്രധാനമന്ത്രിക്കും ഗവണ്മെന്റ് എഴുതിയിട്ടുണ്ട്. മാത്രമല്ല, കഴിഞ്ഞ ഇന്റർസ്റ്റേറ്റ് കൗൺസിൽ മീറ്റിംഗിൽ കേരളാ ഗവണ്മെന്റ് കേന്ദ്രത്തോട് ആവശ്യപ്പെട്ട നിരവധി കാര്യങ്ങളിലൊന്ന് ലോട്ടറി നിരോധനത്തിൽ ഗവണ്മെന്റ് നടത്തുന്ന ലോട്ടറി നിരോധിക്കരുത്, ഇന്നയിന്ന റിപ്പർഷൻസ് ഉണ്ട് എന്നാവശ്യപ്പെട്ടിട്ടുണ്ട്. പരിഗണിക്കാമെന്ന് ബഹുമാനപ്പെട്ട കേന്ദ്ര ആഭ്യന്തരവകുപ്പുമന്ത്രി എൽ.കെ. അദ്വാനി ആ യോഗത്തിൽ പറയുകയുണ്ടായി.

# IV. റൂളിംഗ്

### അഴിമതി ആരോപണങ്ങൾക്ക് മറുപടി പറയാൻ ആരോപണം ഉന്നയിക്കപ്പെടുന്ന ദിവസംതന്നെ ബന്ധപ്പെട്ട മന്ത്രിമാർക്ക് അവസരം നല്കുന്നത് സംബന്ധിച്ച്

മി. സ്പീക്കർ : ഓർഡർ, ഓർഡർ .................

ഇന്നലെ ശ്രീ. ടി.എം. ജേക്കബും ശ്രീ. കെ. സുധാകരനും തങ്ങളുടെ പ്രസംഗങ്ങളിൽ ചില അഴിമതിയാരോപണങ്ങൾ ഉന്നയിക്കുകയുണ്ടായി. ബന്ധപ്പെട്ട മന്ത്രിമാർക്ക് അതിന്റെ അടിസ്ഥാനത്തിൽ ഒരു പേഴ്സണൽ എക്സ്പ്ളനേഷൻ നടത്താൻ ചെയർ അനുമതി നൽകി. ചട്ടം 285 അനുസരിച്ച് അഴിമതി ആരോപണം ഉന്നയിക്കാൻ അനുവദിക്കുന്നതുപോലെതന്നെ അതിന് മറുപടി പറയാൻ അനുവദിക്കേണ്ടതും ചെയറിന്റെ ബാദ്ധ്യതയാണ്. ഈ കാര്യം വ്യക്തമാക്കിയിട്ടും ഇത് തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കലാണെന്നും ഇതിന് ചെയറിന് അധികാരമില്ലെന്നുംവരെ ചില മുതിർന്ന അംഗ

ങ്ങൾ വാദിക്കുകയുണ്ടായി. ചെയറിന്റെ ഭാഗത്തുനിന്നും അധികാരപരിധിക്ക പ്പുറത്തുള്ളതോ, തെറ്റായ കീഴ്‌വഴക്കം സൃഷ്ടിക്കുന്നതോ ആയ യാതൊരു തീരുമാനവും ഉണ്ടാകരുതെന്ന് നിർബന്ധമുണ്ട്. നിയമസഭാ നടപടിചട്ടം 285 അനുസരിച്ചാണ് വ്യക്തിപരമായ വിശദീകരണം നൽകാൻ അനുമതി നൽകി യത്. റിപ്ളൈ പറയാൻ മന്ത്രിമാർക്ക് അവകാശം നൽകുന്ന ഇൻക്ലൂസീവാ യിട്ടുള്ള വകുപ്പാണ് റൂൾ 285. ഇത് ഈ ചട്ടത്തിൽ നിന്നുതന്നെ വ്യക്തമാണ്. പക്ഷേ മറുപടി പറയേണ്ടത് ഏത് സമയത്താണ് എന്നുള്ളത് ആ ചട്ട ത്തിൽനിന്ന് വ്യക്തമല്ലെന്നുള്ള വാദം അംഗീകരിച്ചാൽത്തന്നെ ഒരു നാച്ചറൽ ജസ്റ്റീസ് അനുസരിച്ച് അത് നൽകേണ്ടതാണ് എന്ന കാര്യം ഇവിടെ ചൂണ്ടി ക്കാണിക്കുകയാണ്. അതുമാത്രമല്ല, നാച്ചറൽ ജസ്റ്റീസ് എന്ന നിലയിൽ മാത്രം ഈ കാര്യം ചെയർ പരിഗണിക്കുന്നില്ല. ഇവിടെ നിരവധി കീഴ്‌വഴക്ക ങ്ങൾ ഉണ്ടായിട്ടുണ്ട്. ഒരു കീഴ്‌വഴക്കം ചെയർ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടു ത്തുകയാണ്. 1993-ലെ നന്ദിപ്രമേയത്തിൻമേലുള്ള ചർച്ച 1993 ജനുവരി 27, 28, ഫെബ്രുവരി 1 തീയതികളിലായിട്ടാണ് നടന്നത്. രണ്ടാമത്തെ ദിവസമായ ജനുവരി 28-ന് അന്നത്തെ ഭക്ഷ്യവകുപ്പുമന്ത്രിയായിരുന്ന ശ്രീ. ടി.എച്ച്. മുസ്തഫയ്ക്കെതിരെ ചില അഴിമതിയാരോപണങ്ങളുന്നയിക്കുകയുണ്ടായി. അതിന് അന്നുതന്നെ മറുപടി പറയാൻ അന്നത്തെ സ്പീക്കർ അനുമതി നൽകിക്കൊണ്ട് ഇപ്രകാരം റൂളിംഗ് നൽകുകയുണ്ടായി. "ഇവിടെ ധാരാളം കീഴ്‌വഴക്കങ്ങളുണ്ട്. ഏതെങ്കിലുമൊരു മെമ്പറെക്കുറിച്ചോ, മന്ത്രിമാരെക്കു റിച്ചോ ആരോപണം വന്നാൽ ആ ആരോപണവിധേയരായിട്ടുള്ളവർക്ക് ഒന്നു കിൽ അപ്പോൾ തന്നെ മറുപടി പറയാം, അല്ലെങ്കിൽ വേറൊരു ദിവസത്തേക്ക് മാറ്റി വച്ചിട്ട് വേണമെന്നു ആവശ്യപ്പെടാം. അങ്ങനെയുള്ള ധാരാളം സംഭവ ങ്ങളും കീഴ്‌വഴക്കങ്ങളുമുണ്ട്. അക്കാര്യത്തിൽ എന്താണ് തർക്കമുള്ളത്? അത് ചെയറിന്റെ അനുവാദത്തോടുകൂടി ചെയ്യാം." ഇതാണ് റൂളിംഗ്. ഈ റൂളിംഗ് തന്നെ ചെയർ ആവർത്തിക്കുന്നു. ഇന്നലത്തെ നടപടിയിൽ ചട്ടലം ഘനമില്ലെന്നു മാത്രമല്ല, കീഴ്‌വഴക്കങ്ങളുടെ ലംഘനമില്ലെന്നുകൂടി ചെയർ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്.

[11 A.M.] ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, സ്പീക്കറുടെ റൂളിംഗ്, റൂൾ 303(3) അനുസരിച്ച് ക്വസ്റ്റ്യൻ ചെയ്യാൻ പാടില്ല, അത് ഫൈനലാ ണെന്ന് അറിയാവുന്ന ആളാണ് ഞാൻ, സ്പീക്കറുടെ റൂളിംഗ് ക്വസ്റ്റ്യൻ ചെയ്യുക യില്ല, പക്ഷേ ഒരു കാര്യം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഇന്നലെ അത് ഞാൻ ചൂണ്ടിക്കാണിക്കാൻ എഴുന്നേറ്റു. അങ്ങ് അനുവദിക്കാത്തതുകൊണ്ട് ഞാൻ ഇവിടെ ഇരുന്നു. ഒന്ന്, ഇവിടെ അങ്ങ് ചൂണ്ടിക്കാണിച്ച റൂൾ 285, അങ്ങ് പറഞ്ഞതിനോടുതന്നെ ഞാൻ യോജിക്കുന്നു. ഇന്ന സമയത്ത് പറയണമെന്ന് ഇതിൽ ഇല്ല. രണ്ടാമത്തെ ക്വസ്റ്റ്യൻ, 288 ആണ് ഞാൻ ഇന്നലെ ഉന്നയിച്ചത്.

മി. സ്പീക്കർ : ഈ സഭയിൽ ഉണ്ടായിട്ടില്ലായെന്ന് അങ്ങ് പറഞ്ഞു, തെറ്റായ കീഴ്‌വഴക്കം ഉണ്ടാക്കരുതെന്ന് എന്നെല്ലാം അങ്ങ് വാദിച്ചു, അങ്ങ് വാദിച്ചതുകേട്ടാൽ ഞാൻ കുറച്ചുകൂടി കട്ടിയായിട്ട് പറയേണ്ടിവരും. ഞാൻ ഒന്നും പറയുന്നില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : റൂൾ 288, .................

മി. സ്പീക്കർ : റൂൾ 288 അല്ല ഞാൻ ഇന്നലെ പറഞ്ഞല്ലോ, റൂൾ 285 ആണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : അങ്ങ് അനുവദിച്ചത് 288 ആണ്.



LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : റൂൾ 285-ആണ് ഞാൻ അനുവദിച്ചത്, ഞാൻ എത്ര തവണ ആവർത്തിച്ചു പറഞ്ഞു, റൂൾ 285 വായിക്കാൻ പറഞ്ഞില്ലേ.

ശ്രീ. ആര്യാടൻ മുഹമ്മദ് : പേഴ്സണൽ എക്സ്പ്ലനേഷൻ റൂൾ 288 ആണ്, അങ്ങ് അനുവദിച്ചത് റൂൾ 288, 288-ൽ പറയുന്ന കാര്യം ഞാൻ വായിക്കാം.

മി. സ്പീക്കർ : നോ, നോ, ഞാൻ അനുവദിക്കുകയില്ല, അങ്ങേയ്ക്കുള്ള ഒരു തകരാർ, ഞാൻ പറയാത്ത കാര്യം, അത് ഉപയോഗിക്കാൻ പറ്റുകയില്ല, ഞാൻ പറയാത്തകാര്യം വ്യാഖ്യാനിച്ച് എന്റെ പേരിൽ ആരോപണം വയ്ക്കേണ്ട കാര്യമില്ല. ഇന്നലെ അങ്ങ് കുറച്ചു ക്ഷോഭിച്ചു സംസാരിച്ചു, ഞാനും ക്ഷോഭിച്ചി ട്ടുണ്ടാകും, ക്ഷമിക്കുക, ഞാൻ ആവർത്തിച്ചു പറഞ്ഞു, 285 വായിക്കണമെന്ന്.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഞാൻ 288-ആണ് വായിച്ചത്. റൂൾ 288-ന്റെ സ്പിരിറ്റിന് കടകവിരുദ്ധമായാണ് ശ്രീ. ശിവദാസമേനോനും വൈദ്യുതി മന്ത്രിയും ഇവിടെ സംസാരിച്ചത്.

മി. സ്പീക്കർ : പ്ളീസ് ............... .................

ശ്രീ. ആര്യാടൻ മുഹമ്മദ് : ഞാൻ അങ്ങയുടെ റൂളിംഗിനെ ചോദ്യം ചെയ്യുന്നില്ല.

മി. സ്പീക്കർ : അങ്ങ് ചെയറിന്റെ റൂളിംഗിനെ ചോദ്യം ചെയ്യുന്നില്ലാ യെന്നുപറഞ്ഞുകൊണ്ട് ഇൻഡയറക്ടായിട്ട് ക്വസ്റ്റ്യൻ ചെയ്യുകയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഇല്ല.

മി. സ്പീക്കർ : ക്വസ്റ്റ്യൻ ചെയ്യുകയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : അല്ല, അങ്ങ്, ഇന്ന് ഇത് കേട്ടാൽ അങ്ങേയ്ക്ക് മനസ്സിലാകും, ഞാൻ ക്വസ്റ്റ്യൻ ചെയ്യുകയല്ല; ഞാൻ ക്വസ്റ്റ്യൻ ചെയ്യുകയുമില്ല.

മി. സ്പീക്കർ : ഒരു കാര്യം കൂടി ചെയർ വ്യക്തമാക്കാൻ ആഗ്രഹിക്കു കയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : റൂൾ 288 അനുസരിച്ച് പേഴ്സണൽ എക്സ്പ്ളനേഷൻ നടത്തുമ്പോൾ അദ്ദേഹത്തെക്കുറിച്ച് പറഞ്ഞ കാര്യം അല്ലാതെ മറ്റൊരു കാര്യവും പരാമർശിക്കാൻ പാടില്ല.

ശ്രീ. ടി.എം. ജേക്കബ് : അങ്ങ് ഇവിടെ പറഞ്ഞ കാര്യങ്ങളോട് ഒരു ഡിസ്പ്യൂട്ടിന് മുതിരുന്നില്ല. അങ്ങ് ഇപ്പോൾ ഒരു പ്രീസിഡന്റ് ഇവിടെ കോട്ട് ചെയ്തു. റൂൾ 288-നെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട ആര്യാടൻ പറഞ്ഞത്. ഞാൻ അത് വായിക്കുവാൻ മുതിരുന്നില്ല. സാധാരണഗതിയിൽ മൂന്നു ദിവസത്തെ ഡിസ്കഷനുണ്ട്. ഈ മൂന്ന് ദിവസവും കൂടി ഞങ്ങൾ, ഏത് മെമ്പർ ആ മെമ്പർക്ക് അലോട്ട് ചെയ്തിരിക്കുന്ന ടൈമിൽ ഏതു വിഷയം റെയ്സ് ചെയ്താലും, ചിലപ്പോൾ കൂടുതൽ സമയം സംസാരിക്കാറുണ്ട്, അത് അലോട്ടഡ് സമയത്തിനു പുറത്ത് സ്പീക്കറുടെ മേഴ്സിയിൽ കിട്ടുന്നതാണ്. ഈ മൂന്നു ദിവസത്തെ ചർച്ചയിൽ മന്ത്രിമാർക്ക് മറുപടി പറയാൻ 90 മിനിട്ടാണ്, നമ്മൾ അംഗീകരിച്ചിരിക്കുന്ന തത്വമാണ്. ഇവിടെ ഇന്നലെ ഒരു മണിക്കൂർ പത്ത് മിനിട്ട് രണ്ട് മന്ത്രിമാരും സംസാരിച്ചു. ഞങ്ങൾ അലിഗേഷൻ റെയ്സ് ചെയ്താൽ മറുപടി പറയേണ്ടതുണ്ട്. മറുപടി പറയണം, പറയിപ്പിക്കാനാണ് ഞങ്ങൾ അലിഗേഷൻ റെയ്സ് ചെയ്യുന്നത്. പക്ഷേ ഒരു സംശയം ഇപ്പോഴും നിലനില്ക്കുന്നു. റൂൾ 288 പ്രകാരമുള്ള പേഴ്സണൽ എക്സ്പ്ളനേഷനാണെങ്കിൽ ഡിബേറ്റബിൾ പോയിന്റ്സ് വരാൻ പാടില്ല. ഇന്നലെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതും വന്നു, നമ്മളെല്ലാം സാക്ഷ്യം വഹിച്ചതാണ്. ഇങ്ങനെ വരുന്നത് അലോട്ടഡ് ടൈമിലാണോ? അതിന് പ്രത്യേകമായിട്ട് ടൈം കൊടുക്കുകയാണോ? അങ്ങനെയാണെങ്കിൽ എഴുതി തന്ന് ഉന്നയിക്കുന്ന ആരോപണങ്ങൾക്ക് പ്രത്യേകമായി സമയം കിട്ടുമോ? അതിനെ സംബന്ധിച്ച് ഒരു ക്ളാരിറ്റി ഉണ്ടാകണ്ടേ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, റൂൾ 285 അനുസരിച്ച് അലിഗേഷൻ കൊടുത്താൽ നോട്ടീസ് കൊടുക്കണമെന്നേയുള്ളൂ. എപ്പോൾ മറുപടി പറയണമെന്ന് അതിൽ പറഞ്ഞിട്ടില്ല. എപ്പോൾ വേണമെങ്കിലും സ്പീക്കർക്ക് യുക്തമായ റൂളിംഗ് കൊടുക്കാം. രണ്ടാമത്തെ കാര്യം, 90 മിനിട്ട് എന്ന് പറയുന്നത്, ആ മോഷന്റെ മറുപടിക്കാണ്, ഗവണ്മെന്റിന് 90 മിനിട്ട് മറുപടിക്ക് ഉണ്ടെന്ന് പറയുന്നത് മോഷനാണ്. അലിഗേഷന്റെ മറുപടിക്കല്ല. അലിഗേഷന്റെ മറുപടിക്ക് എപ്പോൾ സമയം കൊടുക്കണമെന്ന് അങ്ങയുടെ ഡിസ്കഷനിൽ റൂൾ 285-ൽ വളരെ ക്ലിയറാണ്.

മി. സ്പീക്കർ : ക്ളോസ് ഇറ്റ് .............. ബഹളം ................ നോ, നോ, പ്രശ്നമില്ല, അങ്ങ് ഭംഗ്യന്തരേണ ചോദ്യം ചെയ്യുന്നതാണ്. പിന്നെ വീണ്ടും എന്തിനാണ് ആവർത്തിക്കുന്നത് ...................... ബഹളം .................

ശ്രീ. എ.കെ. ആന്റണി : ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗുമായിട്ട് ബന്ധപ്പെട്ടതല്ല. സ്വാഭാവികമായ നീതിയുടെ പ്രശ്നമാണ് ഞാൻ പറയുന്നത്. മൂന്നു ദിവസമായി ഗവർണറുടെ നന്ദിപ്രമേയത്തിന് ചർച്ച നടക്കുന്നു. ഭരണപക്ഷത്തെ മന്ത്രിമാർക്ക് 90 മിനിട്ട്. ആ പ്രസംഗത്തിനിടയിൽ വരുന്ന എല്ലാ വിമർശനങ്ങൾക്കും മറുപടി പറയേണ്ടിവരും. ചെറിയ പേഴ്സണൽ എക്സ്പ്ളനേഷനുവേണ്ടി ഏതാനും മിനിട്ട് കൊടുത്താൽ മനസ്സിലാക്കാം. ഇന്നലെ തന്നെ ഏതാണ്ട് ഒരു മണിക്കൂർ സമയം മന്ത്രി മറുപടി പറഞ്ഞു, ഇന്ന് 83 മിനിട്ട്, ഇത് എന്ത് ന്യായം? എന്തു പറഞ്ഞാലും ടെക്നിക്കൽ റീസൺ പറഞ്ഞുകൊണ്ട് കൂടുതൽ സമയം കൊടുക്കുന്നു. പ്രതിപക്ഷത്തിന് സംസാരിക്കാനുള്ള അവസരം നഷ്ടപ്പെടുകയും ചെയ്യുകയാണ്. ഇത് നീതിയാണോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : വലിയൊരു തെറ്റിദ്ധാരണയിൽനിന്നാണ് ഇത് പറയുന്നത്. റൂൾ 285-ൽ ക്ളീയറായിട്ട് പറയുന്നുണ്ട്. 90 മിനിട്ട് ഒന്നും പ്രശ്നമല്ല. എപ്പോൾ ആയാൽ പോലും നിയമസഭയിൽ ഒരു മന്ത്രിയുടെ നേരെ അലിഗേഷൻ കൊണ്ടുവന്നാൽ സമയം കൊടുത്തിട്ട് അതിന് മറുപടി പറയാനുള്ള അവകാശമുണ്ട്. 90 മിനിട്ടുമായിട്ട് ഒരു ബന്ധവുമില്ല.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ പറഞ്ഞതിനെ വളഞ്ഞ വഴിയിൽ കൂടി ക്വസ്റ്റ്യൻ ചെയ്യുകയാണ്. 288, 285 പറഞ്ഞു കഴിഞ്ഞു, പിന്നെ വളഞ്ഞ് ചിന്തിക്കുകയാണ്. ശ്രീ. ആര്യാടൻ വളഞ്ഞ വഴി ചിന്തിക്കുന്നു. ശ്രീ. ജേക്കബ് മറ്റൊരു വഴിക്ക് ഇന്നലെ പറഞ്ഞു, ജേക്കബ് കുഴപ്പത്തിലായാൽ മറ്റൊരു വഴിയ്ക്ക് വളയ്ക്കാൻ കഴിയുമോ എന്നാണ്, അതിലൊന്നും രക്ഷപ്പെടേണ്ട, കൈകഴുകയും വേണ്ട, ശരിക്കും സ്പീക്കർ പറഞ്ഞത് അംഗീകരിച്ചിരിക്കുകയാണ്. ശ്രീ. ടി.എച്ച്. മുസ്തഫയ്ക്ക് ഇവിടെ അനുവദിക്കാമെങ്കിൽ ഇവിടെ ആർക്കും അനുവദിക്കാം.

മി. സ്പീക്കർ : നമുക്ക് ഇത് ക്ളോസ് ചെയ്യാം. ബഹളം.........നോ ..................നോ................ബഹളം............. പ്ളീസ് ബി സീറ്റഡ്, ഇവിടെ എല്ലാ വിഷയവും കൂടി കൂട്ടിക്കുഴച്ച് നമ്മൾ ചർച്ച ചെയ്താൽ നമുക്ക് ഒരു വ്യക്തതയുണ്ടാകുകയില്ല. ഞാൻ റൂളിംഗ് നടത്തിയിട്ട് വരുന്ന പ്രശ്നവുമായിട്ടല്ല, ഒരു ആശയവ്യക്തത വേണമല്ലോ. ഞാൻ 1993 ലെ നിയമസഭാനടപടികൾ എടു

ക്കാൻ കാരണം, 1993-ലെ നന്ദിപ്രമേയ ചർച്ചയിൽ അന്നത്തെ ഭക്ഷ്യ വകുപ്പുമന്ത്രിക്കെതിരായി ആരോപണം ഉന്നയിക്കപ്പെട്ടപ്പോൾ അന്നു മറുപടി പറഞ്ഞു. അന്ന് വാസ്തവത്തിൽ സ്പീക്കറല്ല ചെയറിലിരുന്നത്. അദ്ദേഹം മറുപടി പറയുമ്പോൾ ഡെപ്യൂട്ടി സ്പീക്കറായിരുന്നു ചെയറിലിരുന്നത്. ആരോപണം ഉന്നയിക്കുമ്പോൾ പാനൽ ഓഫ് ചെയർമാനിലെ ഒരംഗമായിരുന്നു ചെയറിലിരുന്നത്. അപ്പോൾത്തന്നെ ഒരു ചോദ്യം വന്നു 'ഇത് സ്പീക്കർ അനുവദിച്ചിട്ടാണോ' എന്ന്. അവസാനം ട്രഷറി ബഞ്ചിൽനിന്നുകൊണ്ട് അന്നത്തെ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ വ്യക്തമായ ഒരു പ്രസ്താവന നടത്തി. അതു ഞാൻ വായിക്കാം. ശക്തിയായി അദ്ദേഹം പറഞ്ഞു 'അദ്ദേഹത്തിന് അവസരം കൊടുക്കണം, ഏതു സമയത്തു ചോദിച്ചാലും കൊടുക്കണം' എന്ന്. അപ്പോൾ സമയവും സന്ദർഭവും കൂടി കൂട്ടിക്കുഴയ്ക്കരുത്. റൂൾ 285 എന്നു പറയുന്നത് ഏതെങ്കിലും ഒരു സമയത്തിനുവേണ്ടിയുള്ളതല്ല. ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി പറഞ്ഞതുപോലെ നന്ദിപ്രമേയ ചർച്ചയ്ക്കോ ഈ നിയമസഭയ്ക്കോ എപ്പോഴും ബാധകമായിട്ടുള്ള ശക്തമായ വകുപ്പാണ് റൂൾ 285. ശ്രീ. ആര്യാടൻ മുഹമ്മദ് അത് മനസ്സിലാക്കണം. ഇതിൽ അക്കാഡമിക് ഇന്ററസ്റ്റ് കൂടിയുണ്ട്. റൂൾ 285 എന്നു പറയുന്നത് ഒരംഗത്തിന് അലിഗേഷനുന്നയിക്കാനുള്ള അവകാശമാണ്. അലിഗേഷൻ ഉന്നയിക്കുമ്പോൾ അത് മുൻകൂട്ടി എഴുതി സ്പീക്കർക്കും ബന്ധപ്പെട്ട മന്ത്രിക്കും കൊടുക്കണമെന്നും, അതിന് മറുപടി പറയണമെന്നുമുള്ള ഇൻക്ലൂസീവായിട്ടുള്ള ഒരു വകുപ്പാണ് 285. റൂൾ 288 ഇവിടെ പ്രസക്തമല്ല. റൂൾ 285 പ്രകാരം ഒരംഗത്തിന് മറുപടി പറയാൻ അവസരം കൊടുക്കുന്നത് നടപടി പിശകാണെങ്കിൽ ആദ്യത്തെ നടപടിപ്പിശക് അതുന്നയിക്കാൻ അനുവാദം കൊടുത്തതാണ്. രണ്ടാമത്തെ നടപടിപ്പിശക് മറുപടി പറയാൻ അനുവാദം കൊടുത്തതാണ്. അല്ലാതെ റൂൾ 285 വളരെ ക്ലിയറാണ്. ക്രിസ്റ്റൽ ക്ലിയറാണ്. യാതൊരു കൺഫ്യൂഷനും ഉണ്ടാകേണ്ട കാര്യമില്ല. മുൻകൂട്ടി നോട്ടീസ് കൊടുത്തുകൊണ്ട് മറുപടി പറയേണ്ടതാണ്. അതിനെ ടിസ്റ്റ് ചെയ്ത് പറയേണ്ട കാര്യവുമില്ല. സന്ദർഭത്തിൽനിന്നും വേറിട്ടുകൊണ്ട് പറയേണ്ട പ്രശ്നവുമില്ല. സമയത്തിന്റെ പ്രശ്നവുമില്ല. സമയമൊന്നും ഇതിൽ ബാധകമല്ല. നിയമസഭയുടെ അലോട്ടഡ് സമയവും ഇവിടെ പ്രശ്നമല്ല. ഏതു സമയത്തും എപ്പോഴും പ്രസക്തമായിട്ടുള്ള വകുപ്പാണ് 285. അതിനെക്കുറിച്ച് കൂടുതൽ വാദത്തിന്റെ ആവശ്യമില്ല.

## V. 27.1.99 ന് റൂൾ 50 അനുസരിച്ച് ശ്രീ. ഉമ്മൻചാണ്ടി നൽകിയ നോട്ടീസിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടി സംബന്ധിച്ച്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇന്നലെ അടിയന്തിര പ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. ഉമ്മൻചാണ്ടി നിരണം കടപ്രയിൽ നടന്ന വളരെ ബീഭത്സമായ അന്തരീക്ഷം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് ചില മറുപടിയും പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ മറുപടിയെ ഞങ്ങൾ അപ്പോൾ ചോദ്യം ചെയ്തില്ല. കാരണം അവിടെ നടന്ന സംഭവങ്ങളുടെ യഥാർത്ഥ പ്രതിഫലനമാണോ മുഖ്യമന്ത്രി പറഞ്ഞതെന്ന് ഞങ്ങൾക്ക് ക്രോസ് ചെക്ക് ചെയ്യുന്നതിനുവേണ്ടിയാണ്. ഈ നിയമസഭയിൽ ശ്രീ. ഉമ്മൻചാണ്ടിയും ശ്രീ. ജി. കാർത്തികേയനും ശ്രീ. മാമ്മൻ മത്തായിയും ശ്രീ. കെ. ബാബുവും ശ്രീ. അടൂർ പ്രകാശും ഞാനുമടക്കമുള്ളവർ സംഭവസ്ഥലത്ത് പോയിരുന്നു. 32 പ്രതികളുള്ള ഈ കേസിൽനിന്നും മൂന്നു പ്രതികളെ മനപ്പൂർവ്വം മാറ്റി നിർത്തിയിരി

LIBRARY ARCHIVES Kerala Legislative Assembly